അഭയം

(ഡയറക്ടർ കോന്നിയൂർ നരേന്ദ്രനാഥ്)

ബഹുജനഹിതത്തിനും സുഖത്തിനും കൂടുതൽ സൗകര്യം ഉണ്ടാകത്തക്കവിധത്തിൽ വ്യക്തിജീവിതത്തെ സമന്വയിപ്പിച്ചു നയിക്കുവാൻ മനുഷ്യൻ നിർബന്ധിതനാണ്. സ്വാർത്ഥലാഭം മാത്രമാണ് ലക്ഷ്യമാക്കുന്നതെങ്കിൽ ഒരു വ്യക്തി സമൂഹത്തിൽ സന്തുഷ്ടിയേക്കാളേറെ സന്താപമായിരിക്കും വരുത്തുന്നത്. അസംതൃപ്തരായ സമൂഹത്തിൽ ഒരാൾക്കുമാത്രം സുഖമുണ്ടാക്കാമെന്നു കരുതുന്നത് ബാലിശമായവനോ ഭാവമത്രേ. അതിനാൽ തികച്ചും സ്വാർത്ഥലാഭത്തിനുപോലും ധാർമ്മികമൂല്യങ്ങൾക്കും മനുഷ്യമൂല്യങ്ങൾക്കും നിരക്കാത്ത കർമ്മങ്ങളാൽ ഏർപ്പെടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണല്ലോ. എല്ലാ തത്വചിന്തകളും നിയമസംഹിതകളും യുക്തിയിലധിഷ്ഠിതമായ പെരുമാറ്റ സവിശേഷതകളും ഈ ആശയങ്ങളെ ആശ്രയിച്ചു രൂപംകൊണ്ടിരിക്കുന്നു.

മനുഷ്യന് ഒറ്റപ്പെട്ടുള്ള ജീവിതം സാദ്ധ്യമല്ലെന്നു പറഞ്ഞല്ലോ. ജന്തുലോകത്തിൽ, മറ്റുള്ള ജീവികൾക്ക് ഇതുപോലെ കെട്ടുപാടുള്ള സമൂഹം പരിണാമപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. സമൂഹമായി സംഘടിച്ചു ജീവിക്കുന്ന ജന്തുക്കൾക്കുപോലും, ജന്മവാസന കൊണ്ടല്ലാതെ, ബോധപൂർവ്വം പെരുമാറുന്നതിന് സാധിക്കുന്നില്ല. ഒന്നിന് മറ്റൊന്നിന്റെ സ്വഭാവത്തെയോ ഇഷ്ടാനിഷ്ടങ്ങളെയോ സ്വാധീനിക്കാനോ, മാറ്റാനോ കഴിയുമില്ല. ഈ സ്ഥിതി കൊണ്ട് ഗുണവും ദോഷവുമുണ്ട്, ഗുണം എന്തെന്നാൽ ഒരു ജീവി എന്തൊക്കെയാകാം ഒരു നിശ്ചിതമായ പരിസ്ഥിതിയിൽ ചെയ്യുന്നതെന്ന്, വ്യക്തമായി അനുമാനിക്കാനിട നല്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ അതിനെ കൈകാര്യം ചെയ്യാൻ കഴിയുന്നു. ദോഷം ആ ജീവിയുടെ പരിസ്ഥിതിയില്ലാതായാൽ, അതിന്റെ നിലനില്പ് സാധ്യമല്ലാതാകും എന്നു തന്നെ.

മനുഷ്യന്റെ മഹത്വവും പ്രത്യേകതയും, ഈ രണ്ടു കാര്യങ്ങളിലും അവനു സാധിക്കുന്ന അന്യാദൃശ സ്വാതന്ത്ര്യമാണ്. ഒരു വ്യക്തിയും, മറ്റൊരാൾ ഒരു നിശ്ചിതമായ സാഹചര്യത്തിൽ എങ്ങിനെയായിരിക്കും പ്രതികരിക്കുന്നതെന്ന് പ്രവചിക്കുക സാധ്യമല്ല. ഏതു പരിതസ്ഥിതിയുമായി സമന്വയിച്ചുപോകുവാനുള്ള കഴിവാണ് മനുഷ്യന്റെ ഏറ്റവും വലിയ മഹത്വം. ഈ രണ്ടു ബൃഹത്തായ സ്വാതന്ത്ര്യങ്ങളുള്ളതു കൊണ്ടത്രേ, ജീവിതത്തിന് ആഴവും പരപ്പും വർദ്ധിപ്പിക്കുവാനും പുതിയ അർത്ഥവും സത്യവും കണ്ടെത്തുവാനും അവനു സാധിച്ചിട്ടുള്ളതും, മേലിലും സാധിക്കുന്നതും.

കാര്യം ഇങ്ങനെയാണെങ്കിലും, ജന്തുസഹജമായ സ്വഭാവങ്ങളും മനോഭാവങ്ങളും പ്രതികരണങ്ങളും മനുഷ്യനിലും നിലവിലുണ്ട്. ജന്തുലോകത്തിന്റെ പൊതുവായ പാരമ്പര്യവും പൈതൃകവും അവനിൽ അടിഞ്ഞു കിടപ്പുണ്ട്. എന്നു ചുരുക്കം ഇവയിൽ ചിലതൊക്കെ പരിഷ്കരിക്കുകയോ പരിത്യജിക്കുകയോ ചെയ്യാൻ നിരന്തരമായ പരിശ്രമം കൊണ്ട് സാധിക്കുമെന്നും തെളിഞ്ഞിരിക്കുന്നു. എന്നാൽ മനുഷ്യമനസ്സിന്റെ ഏറിയ അംശമെന്നു കരുതപ്പെടുന്ന ഉപബോധ ഭാഗത്തിൽ (Subconscions mind) മറഞ്ഞു നില്ക്കുന്ന പല ഘടകങ്ങളും സഹജവാസനകളും മറ്റും മുകളിൽ പറഞ്ഞ പൈതൃകത്തിന്റെ മുദ്ര വഹിക്കുന്നവയത്രേ. ഇവയെ ഏറെക്കുറെ. നിയന്ത്രിക്കുവാൻ, മനസ്സിനെ കയ്യടക്കി വിധേയമാക്കിയാൽ സാധിക്കുമെന്നു പറയാം. ഇതിന് ഭാരതീയർ കാണിക്കുന്ന പാതയാണ് ആദ്ധ്യാ

ത്മികമായ പദ്ധതികൾ. സംയമനവും സാധനയും കൊണ്ട് പുതിയ മേഖലയിലേക്ക് മനുഷ്യന് പ്രവേശിക്കുവാൻ പരീക്ഷിക്കാവുന്നതാണെന്നും പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യന് കൂടുതൽ ഉന്നതനായ മാനവനായിത്തീരുവാനുള്ള മാർഗ്ഗങ്ങളിലൊന്നായി ഭാരതീയ പദ്ധതിയെ കരുതാവുന്നതാണ്. സംസ്കാരത്തിന്റെ നിലവാരം വർദ്ധിക്കുന്നതോടൊപ്പം മാനുഷിക ഭാവങ്ങൾക്ക് സ്ഫുടതയും പൂർണ്ണതയും ഏറിവരുമെന്നത്രേ അതു് കാണിക്കുന്നതു്.

നമ്മുടെ ആചാര്യന്മാരായ മഹാന്മാർ അവരുടെ ജീവിത മാതൃകയിലൂടെ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളതു് മുകളിൽ സൂചിപ്പിച്ച വസ്തുതകൾ തന്നെ. മഹോന്നത സ്ഥാനത്തു് എത്തി അവിടെ ഉപവിഷ്ടരായിട്ടുള്ളവരെ അവിടെ ചെന്നെത്തുവാൻ നടന്നു കയറിയ വഴികളും, സ്വീകരിച്ച നിയന്ത്രണങ്ങളും തപസ്യകളുമൊക്കെ, അവരെ ആരാധിക്കുകയും ദർശിക്കുകയും ചെയ്യുന്നവർ ഓർമ്മിക്കാറില്ല. ആ ആചാര്യന്മാർ അവരെക്കുറിച്ച് ഉൽഘോഷിക്കുവാൻ തയ്യാറാകുകയുമില്ല. അതിനാൽ അത്യുന്നതിയിലേക്കു പോകുന്നതിന് ആവശ്യമായി വരുന്ന അദ്ധ്വാനത്തെപ്പറ്റി ബോധവാന്മാരാകുവാൻ സാധാരണക്കാർക്ക് മിക്കവാറും കഴിയുന്നില്ല. എന്നാൽ ഒരു സംഗതി ആചാര്യന്മാർ അപ്പോൾ അനുസ്മരിക്കാറുണ്ട്. സമൂഹത്തിലെ അംഗമായിരിക്കവേ തന്നെ, തനിക്കും തന്റെ സഹജീവികൾക്കും തന്നെയല്ല, സർവ്വ ചരാചരങ്ങൾക്കും സൗഖ്യം വർദ്ധിപ്പിക്കുന്നതിന്, മാനുഷിക മൂല്യങ്ങൾ മറക്കാതെ, ആചരിച്ച് ജീവിക്കണം എന്നുള്ളതാണ് അതു്

സാമാന്യ ജനങ്ങളുടെ ഇച്ഛകളും മോഹങ്ങളും അഭിലാഷങ്ങളുമെല്ലാം സാക്ഷാത്കരിക്കുവാൻ സത്കർമ്മങ്ങളും സദാചാരവും, സഹായിക്കുകയില്ലെന്നുള്ള ഭയം സാധാരണക്കാരെ മാത്രമല്ല, ബുദ്ധിമാന്മാരേയും ഇന്ന് ബാധിച്ചിട്ടുണ്ട്. നല്ലകാര്യം ചെയ്താൽ അപജയമായിരിക്കുമനുഭവമെന്ന ധാരണ സമൂഹത്തിൽ സമഗ്രമായി ബാധിച്ചു തുടങ്ങിയിട്ടുണ്ട് സത്യവും നീതിയും സദാചാരവുമൊക്കെ പ്രസംഗവിഷയമെന്നല്ലാതെ, പ്രവർത്തികമെല്ലന്നുള്ള ബോധം ശക്തിപ്പെട്ടു വരുന്നതിന്റെ ഫലമായിട്ടാണ്, കൈക്കൂലിയും, കൊള്ളലാഭവും കള്ളക്കടത്തും, കലർപ്പുകൂട്ടുന്ന നടപടികളുമൊക്കെ വർദ്ധിച്ചു വരുന്നതു്. എല്ലാ രംഗങ്ങളിലും അധാർമ്മിക പ്രവർത്തനങ്ങൾ പ്രത്യക്ഷപ്പെടുന്നതും ഇതുകൊണ്ടു തന്നെ. ഈ മൂല്യശോഷണം തടഞ്ഞേ പറ്റൂ.

വ്യക്തികളെ ഗ്രഹിച്ചിരിക്കുന്ന ഈ ഭയത്തിൽനിന്നു്, മോചനമില്ലാതെ, ഇവിടെ മൂല്യങ്ങൾക്ക് സ്ഥാനം കിട്ടുകയില്ല. ആചാര്യന്മാരുടെയും, സന്നിധിയിലെത്തി അഭയം ആവശ്യപ്പെടുമ്പോൾ, യഥാർത്ഥത്തിൽ, പരോക്ഷമായിട്ടെങ്കിലും ആവശ്യപ്പെടുന്നതു് ഭയരഹിതമായി പെരുമാറുവാനുള്ള കരുത്തു് നല്കണമെന്നാണ്, നന്മചെയ്യുവാനുള്ള ഭയത്തിൽ നിന്നു് മോചനം കിട്ടുന്നതിനുള്ള വഴി കാണിച്ചു തരണമെന്നു തന്നെ അതുതന്നെയല്ലേ അഭയം തേടുമ്പോൾ നാം ആഗ്രഹിക്കുന്നതും. ഈ "അഭയം" ഭയമില്ലായ്മ വ്യക്തികൾക്ക് കൈവരുമ്പോൾ ഇന്നു സമൂഹത്തിൽ കാണുന്ന പ്രതിസന്ധികളും നഷ്ടബോധവുമൊക്കെ അപ്രത്യക്ഷമാകും. ഇതിനുള്ള മാർഗ്ഗങ്ങൾ തന്നെയാണ് ശ്രീനാരായണഗുരുദേവനും കാണിച്ചുതന്നിട്ടുള്ളതു്. നന്മചെയ്യാനുള്ള നമ്മുടെ ഭയം, അദ്ദേഹത്തിന്റെ ഉപദേശം കൊണ്ട് നമ്മിൽ നിന്നു് അപ്രത്യക്ഷമാകട്ടെ.